File No.TCPCTP/1593/2020-A6

<u>Registered with A/D</u>

## മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം, തിരുവനന്തപുരം

വിഷയം.- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം -കോട്ടയം ജില്ലാ നഗരാസൂത്രകന്റെ കാര്യാലയത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ മരണപ്പെട്ട ശ്രീ.ഷാജി.സി.പി യുടെ ഭാര്യ ശ്രീമതി.മഞ്ജു.പി-യ്ക്ക് ആശ്രിത നിയമനം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. മുഖ്യനഗരാസൂത്രകന്റെ കാര്യാലയത്തിൽ നിന്നുള്ള 04/05/2021, 25/03/2022 എന്നീതിയതികളിലെ TCPCTP/1593/2020-A6 നമ്പർ കത്തുകൾ.
2. സർക്കാരിന്റെ 07/05/2022 ലെ സ.ഉ(കൈ)നം.99/2022/തസ്വഭവ നമ്പർ ഉത്തരവ്.

==========================================================================

## എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ

**ഉത്തരവ് നമ്പർ. TCPCTP/ 1593/2020-A6 തിയതി.24/05/2022**

==========================================================================

കോട്ടയം നഗരാസൂത്രകന്റെ കാര്യാലയത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ 19/09/2020-ന് മരണപ്പെട്ട ശ്രീ.ഷാജി.സി.പി-യുടെ ഭാര്യ ശ്രീമതി.മഞ്ജു.പി-യ്ക്ക് പരാമർശം (2) ലെ ഉത്തരവ് പ്രകാരം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കോട്ടയം ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. കോട്ടയം ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഒഴിവ് ഇല്ലാത്തപക്ഷം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ആദ്യം വരുന്ന ഒഴിവിൽ നിയമനം നൽകുന്നതിനും തുടർന്ന് കോട്ടയം ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഒഴിവ് വരുന്ന മുറയ്ക്ക് നിയമനം നൽകുന്നതിനും സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (2) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ശ്രീമതി.മഞ്ജു.പി, ചിറയ്ക്കൽ ഹൗസ്, കുറിച്ചി.പി.ഒ, കോട്ടയം-686532-ന് വകുപ്പിനു കീഴിലുള്ള പത്തനംതിട്ട ജില്ലാ നഗരാസൂത്രണ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ 23000-50200/- എന്ന ശമ്പള സ്കെയിലിൽ ആശ്രിത നിയമന തൊഴിൽദാന പദ്ധതി പ്രകാരം ഓഫീസ് അറ്റൻഡന്റ് ആയി നിയമിച്ച് ഉത്തരവാകുന്നു.

ശ്രീമതി.മഞ്ജു.പി പത്തനംതിട്ട ജില്ലാ നഗരാസൂത്രകൻ മുമ്പാകെ ജോലിയ്ക്ക് ഹാജരാകേണ്ടതാണ്. ജോലിയ്ക്ക് ഹാജരാകുന്ന സമയത്ത് വയസ്സ് , വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അസ്സൽ , രണ്ട് ഗസറ്റഡ് ഉദ്യോഗസ്ഥരിൽ നിന്നുള്ള സ്വഭാവ സർട്ടിഫിക്കറ്റ് , അസിസ്റ്റന്റ് സർജനിൽ കുറയാത്ത റാങ്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ,ഏതെങ്കിലും സർക്കാർ അംഗീകൃത ഫോട്ടോയോട് കൂടിയ തിരിച്ചറിയൽ രേഖകളുടെ അസ്സൽ എന്നിവ ഹാജരാക്കേണ്ടതും കൂടാതെ

File No.TCPCTP/1593/2020-A6

ഉത്തരവിനൊപ്പം നൽകിയിട്ടുള്ള പ്രൊഫോർമ പൂരിപ്പിച്ച് നൽകേണ്ടതുമാണ്.

Signature valid
Digitally signed by Pramodkumar C P
Date: 2022.05.24 12:57:12 IST
Reason: Approved

പ്രമോദ് കുമാർ.സി.പി
ചീഫ് ടൗൺപ്ലാനർ

ശ്രീമതി.മഞ്ജു.പി,
ചിറയ്ക്കൽ ഹൗസ്,
കറിച്ചി (പി.ഒ),
കോട്ടയം-686532

പകർപ്പ്.- (1) പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ(ഇ.യു) വകുപ്പ്, തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം)
(2) സി.എ മുഖേന ചീഫ് ടൗൺപ്ലാനർ(ഭരണം)
(3) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
(4) ടൗൺപ്ലാനർ, കോട്ടയം( നിയമന വിവരം മരണപ്പെട്ട ശ്രീ.ഷാജി.സി.പി-യുടെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. )
(5) ടൗൺപ്ലാനർ, പത്തനംതിട്ട (സൂചന(2) സർക്കാർ ഉത്തരവ് ഉള്ളടക്കം ചെയ്യുന്നു- ബന്ധപ്പെട്ട രേഖകൾ കൃത്യമായി പരിശോധിച്ച് ശ്രീമതി.മഞ്ജു.പി യെ ജോലിയിൽ പ്രവേശിപ്പിക്കാൻ നടപടി കൈക്കൊള്ളേണ്ടതാണ്.)
(6) വെബ്സൈറ്റ്
(7) അധികം

SR19052022